പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 102

13/12/2012-ൽ മറുപടി
നൽകേണ്ടത്

## ലാന്റ് ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ലാന്റ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമി ഇപ്പോൾ നിക്ഷേപമായിട്ടുണ്ട്; | (എ) 72919.08.88 ഹെക്ടർ |
| (ബി) 2012 മേയ് മാസത്തിൽ ലാന്റ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമി ഉണ്ടായിരുന്നു; | (ബി) 72810.49.28 ഹെക്ടർ |
| (സി) പ്രസ്തുത ബാങ്കിലെ ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തു; ഏതെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ഭൂമി വിതരണം നടത്തിയതെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി)അനധികൃതമായി കയ്യേറിയ റവന്യൂഭൂമി ഒഴിപ്പിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി)അനധികൃതമായി കയ്യേറിയ റവന്യൂഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് 1957ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും, 2009ലെ ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ)ഇടുക്കി ജില്ലയിൽ അനധികൃതമായി ഭൂമി കയ്യേറ്റം നടത്തി റിസോർട്ടുകൾ നിർമ്മിച്ചിട്ടുണ്ടോ; വാഗമൺ പ്രദേശത്ത് കയ്യേറ്റക്കാരിൽ നിന്നും പ്രസ്തുത ഭൂമി ഒഴിപ്പിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ? | (ഇ) ഉണ്ട്. വാഗമൺ വില്ലേജിൽ സർക്കാർ വക ഭൂമിയിൽ അനധികൃതകയ്യേറ്റം നടത്തിയിട്ടുള്ള 22 കേസുകൾ കണ്ടെത്തുകയും ആയതിൽ 9 എണ്ണം കെ.എൽ.സി ആക്റ്റ് അനുശാസിക്കുന്ന വിധം ഒഴിപ്പിച്ചെടുത്തു സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കോടതി നടപടി മൂലം 4 കേസുകളിൽ ഒഴിപ്പിക്കൽ മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്. 9 കേസുകളിൽ ഒഴിപ്പിക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. അനധികൃത കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ കെ.എൽ.സി ആക്റ്റ് അനുശാസിക്കുന്ന വിധം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ച് സർക്കാർ ഭൂമി സംരക്ഷിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം



### (1) തിരുവനന്തപുരം ജില്ല

തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2610, 2616 -ൽ ഉൾപ്പെട്ട 8.49 ഏക്കർ സ്ഥലം ജി.ഒ. (എം.എസ്.) 263/11/ആർ.ഡി., തീയതി. 18-07-2011 പ്രകാരം ലാന്റ് ബാങ്കിൽ ചേർത്തിട്ടുള്ളതും ടി സ്ഥലത്തു നിന്നും 5.49 ഏക്കർ സ്ഥലം ഇൻഡ്യൻ നേവിക്കും, 3 ഏക്കർ സ്ഥലം എയർപോർട്ട് അതോറിറ്റിക്കും പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

### (2) കൊല്ലം ജില്ല

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ 0.1025 ഹെക്ടർ ഭൂമി ലാന്റ് ട്രാൻസ്ഫർവഴിയായും 0.0499 ഹെക്ടർ ഭൂമി പാർപ്പിടാവശ്യത്തിനും വിതരണം നടത്തിയിട്ടുണ്ട്. പത്തനാപുരം താലൂക്കിൽ 0.9704 ഹെക്ടർ ഭൂമി പാർപ്പിടാവശ്യത്തിനായും കൊട്ടാരക്കര താലൂക്കിൽ 0.5446 ഹെക്ടർ ഭൂമി കാർഷിക - പാർപ്പിട ആവശ്യങ്ങൾക്കായും വിതരണം ചെയ്തിട്ടുണ്ട്.

### (3) പത്തനംതിട്ട ജില്ല

പത്തനംതിട്ട ജില്ലയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയ ഭൂമി വിതരണം ചെയ്തിട്ടില്ല.

### (4) ആലപ്പുഴ ജില്ല

ലാന്റ് ബാങ്കിൽ ഉൾപ്പെട്ടുവരുന്ന ഭൂമി വിതരണം ചെയ്തിട്ടില്ല.

### (5) കോട്ടയം ജില്ല

സർക്കാരിന്റെ 17-02-2011 ലെ 87/11/റവ. നമ്പർ ഉത്തരവനുസരിച്ച്, കോട്ടയം താലൂക്കിലെ മുട്ടമ്പലം - വില്ലേജിലെ ബ്ലോക്ക് 37 ൽ സർവ്വെ 91 -ൽപ്പെട്ടതും , ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയതുമായ 1.79 ആർ സർക്കാർ പുറമ്പോക്ക് ഭൂമി (പാട്ട ഭൂമി) ശ്രീമതി. ലീലാമ്മ ജോസഫ്, പറമ്പുമാലിൽ എന്നയാൾക്ക് പതിച്ച് നൽകിയിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചങ്ങനാശ്ശേരി താലൂക്കിലെ ചെത്തിപ്പുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 3 - ൽ സർവ്വെ നം. 499 ൽപ്പെട്ട 5.7000 ഹെക്ടർ ഭൂമി KSIDC യ്ക്ക് പട്ടയം നൽകിയിട്ടുണ്ട്.

### (6) ഇടുക്കി ജില്ല

ഇടുക്കി ജില്ലയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയ ഭൂമി

വിതരണം ചെയ്തിട്ടില്ല.

(7) *എറണാകുളം ജില്ല*

എറണാകുളം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് ബാങ്കിൽ ഉൾപ്പെട്ട 1.5853 ഹെക്ടർ ഭൂമി താമസാവശ്യത്തിനായി വിതരണം ചെയ്തിട്ടുണ്ട്.

(8) *തൃശ്ശൂർ ജില്ല*

ലാന്റ് ബാങ്കിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ ഭൂമി ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണം ചെയ്തിട്ടില്ലാത്തതാകുന്നു.

(9) *പാലക്കാട് ജില്ല*

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമിയൊന്നുംതന്നെ വിതരണം ചെയ്തിട്ടില്ല.

(10) *മലപ്പുറം ജില്ല*

ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമി വിതരണം ചെയ്തിട്ടില്ല.

(11) *കോഴിക്കോട് ജില്ല*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2.4948 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ഭൂമി വിതരണം ചെയ്തിട്ടുള്ളത്.

(12) *വയനാട് ജില്ല*

ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമിവിതരണം ചെയ്തിട്ടില്ല.

(13) *കണ്ണൂർ ജില്ല*

ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമിവിതരണം ചെയ്തിട്ടില്ല.

(14) *കാസർഗോഡ് ജില്ല*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 0.94 ഏക്കർ ഭൂമി വിതരണം ചെയ്തു.

I) കുറ്റിക്കോൽ വില്ലേജിൽ റീസർവ്വെ നമ്പർ 149/2 ൽപ്പെട്ട 0.83 ഏക്കർ സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുവേണ്ടി വിതരണം

ചെയ്തിട്ടുള്ളതാണ്.

ii) കാസർഗോഡ് വില്ലേജിൽ റീസർവ്വെ നമ്പർ 39/4 ൽപ്പെട്ട 0.11 ഏക്കർ സ്ഥലം ട്രഷറി വകുപ്പിന് സ്റ്റാമ്പ് ഡിപ്പോ നിർമ്മിക്കുന്നതിനുവേണ്ടി നൽകിയിട്ടുണ്ട്.